**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1860** **19-01-2021 - ൽ മറുപടിയ്ക്ക്**

**മലപ്പുറം കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി . ഉബൈദുള്ള | | Shri. A. K. Saseendran<br>(ഗതാഗത വകുപ്പമന്ത്രി) | |
| (എ) | മലപ്പുറം കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ; | (എ) | നിലവിൽ പണി നിർത്തി വച്ചിരിയ്ക്കുന്ന അവസ്ഥയിലാണ്. |
| (ബി) | നിർമ്മാണം നിർത്തിവെക്കാനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കാമോ; | (ബി) | കെ.എസ്.ആർ.ടി.സി. ബിൽ തുക കുടിശ്ശിക കാരണം കരാറുകാരൻ പണി നിർത്തി വച്ചിരിക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. |
| (സി) | ഇതുവരെയുള്ള പ്രവൃത്തികളുടെ തുക കരാറുകാരന് നൽകിയിട്ടുണ്ടോ; നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ? | (സി) | മുഴുവൻ തുകയും നൽകിയിട്ടില്ല. ആകെ തുകയായ 1,68,80,677 രൂപയിൽ നിന്നും 50,00,000 രൂപ നൽകിയിട്ടുണ്ട്. മലപ്പുറം ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് ന്റെ ബാക്കി പൂർത്തീകരിക്കുവാനുള്ള നിർമ്മാണ പ്രവൃത്തികൾ സംബന്ധിച്ച വിശദമായ റിപ്പോർട്ടും, Price Software-ൽ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുന്നതിനും Project Management Consultancy ആയ M/s. HLL Lifecare Limited നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയത് ലഭ്യമാക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ